

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

# നാളാഗമങ്ങളിലെ ചരിത്രവിശേഷം

നാളുകളുടെ ക്രമത്തിൽ അനുദിന സംഭവങ്ങൾ രേഖ
പ്പെടുത്തി സൂക്ഷിക്കുന്നതാണ് നാളാഗമങ്ങൾ. ഇതൊരു
വ്യക്തിയുടെ ആത്മഡയറിയായും, പൊതുസംഭവങ്ങൾ
ഉൾക്കൊള്ളുന്ന നാൾവഴിയായും ഉണ്ടാകാം. വാഴ്ത്തപ്പെട്ട
ചാവറയച്ചൻ എഴുതിയ നാളാഗമം എന്നത് താൻ നേരിട്ടി
ടപെട്ട ഒരുപിടി സംഭവങ്ങളും താൻ കേട്ടതും അറിഞ്ഞ
തുമായ മറ്റിതര കാര്യങ്ങളും സത്യസന്ധമായി വിവരിച്ചി
രിക്കുന്നതാണ്.

1829-നും 1870-നും ഇടയിൽ മാന്നാനം, കൂനമ്മാവ്
ആശ്രമങ്ങളിലിരുന്നുകൊണ്ട് അദ്ദേഹം എഴുതിവച്ചിരുന്ന
കേരളസഭയിലെ 19-ാം നൂറ്റാണ്ടിലെ ചരിത്രമാണ് നാളാഗ
മങ്ങൾ എന്നു പറയാം. അദ്ദേഹം കുറിച്ചുവച്ച സംഭവങ്ങ
ളെയെല്ലാം ചേരുംപടി ചേർത്ത് അടുക്കിവച്ചാൽ വ്യത്യസ്ത
ങ്ങളായ നാലു ചരിത്രഗ്രന്ഥങ്ങളാകും.
ങ്ങളായ നാലു ചരിത്രത്തിൽ ആദ്യമായി ഉദ

ഒന്ന്: ഭാരത ക്രൈസ്തവചരിത്രത്തിൽ ആദ്യമായി ഉദ
യംകൊണ്ട സ്ത്രീപുരുഷന്മാർക്കുള്ള രണ്ടു നൈയ്യാമിക
സന്യാസസഭകളുടെ തുടക്കവും അതിന്റെ വളർച്ചയിലെ
വിവിധ ഘട്ടങ്ങളും ഉൾക്കൊള്ളുന്നതാണ്.

രണ്ട്: പ്രൊപ്പഗാന്ത, പദ്രുവാദോ ഭരണസംവിധാനങ്ങ
ളിൽ 19-ാം നൂറ്റാണ്ടിൽ കേരളസഭയെ ഭരിച്ചിരുന്ന മെത്രാ
ന്മാരെക്കുറിച്ചും അവരോടൊപ്പമുണ്ടായിരുന്ന മിഷണറി
മാരെ കുറിച്ചുമുള്ള ചരിത്രം.

മൂന്ന്: 19-ാം നൂറ്റാണ്ടിൽ കേരളസഭയെ പിടിച്ചുകുലു
ക്കിയ പല സംഭവങ്ങളും അതിൽപ്പെട്ട പല വ്യക്തികളും
ഉൾക്കൊള്ളുന്ന ചരിത്രം.

നാല്: വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സെമിനാരി
റെക്ടറും സി.എം.ഐ സഭാ സ്ഥാപനത്തിൽ മുൻപന്തി
യിൽ നിന്നിരുന്ന വ്യക്തിയുമായ പാലയ്ക്കൽ തോമ്മാ
മല്പാന്റെ ജീവചരിത്രം. ഈ നാലു ചരിത്രഭാഗങ്ങളെയും
ഓരോന്നായി വിശദീകരിക്കയാണ് തുടർന്നുള്ള പ്രതിപാദ
നത്തിൽ.

### 1. സി.എം.ഐ, സി.എം.സി സഭകളുടെ തുടക്കവും പുരോഗതിയും

കർമ്മലീത്താ സഭാ നവീകരണരംഗത്ത് പ്രശസ്തയാ
യിത്തീർന്ന ആവിലായിലെ വിശുദ്ധ അമ്മത്രേസ്യാ എഴു
തിയ "The Book Of Foundations' എന്ന കൃതിയിലെ
പ്രതിപാദന വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ,
വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിയ വിവരണങ്ങളിലെ
സംഭവങ്ങൾ വ്യത്യസ്തമെങ്കിലും ആശയങ്ങളിൽ ധാരാളം സാമ്യം കണ്ടെത്താൻ കഴിയും. ഈ ചരിത്രഭാഗത്തിലെ പ്രധാന വിഷയങ്ങളാണ് ആശയരൂപീകരണം, അനുവാദം വാങ്ങൽ, സ്ഥലംകണ്ടെത്തൽ, നിർമാണപ്രവർത്തനങ്ങൾ, സമൂഹജീവിതക്രമങ്ങൾ, സ്ഥാപനങ്ങൾ, പ്രാർഥനാജീവിതവും അപ്പസ്തോലിക പ്രവർത്തനങ്ങളും, വളർച്ചയുടെ പടികൾ, തരണംചെയ്ത വഴികളും പ്രതിസന്ധികളും എന്നിവയെല്ലാം. വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിയ ഇത്രയും ഭാഗങ്ങൾ വിലയിരുത്തിയാൽ, കേരളസഭയിൽ രൂപംകൊണ്ട സി.എം.ഐ, സി.എം.സി സഭകളുടെ സ്ഥാപക ചരിത്രവും അവയുടെ പ്രത്യേക സിദ്ധികളും എന്താണെന്നു വ്യക്തമാകും. അതിനാൽ ഈ രണ്ടു സന്യാസസഭകളുടെ ആധികാരിക ചരിത്രഗ്രന്ഥമാണ് 'നാളാഗമ' ത്തിലെ ഒരു ഭാഗം.

### 2. പ്രൊപ്പഗാന്ത, പദ്രുവാദോ സഭാധികാരികളും മിഷനറിമാരും

19-ാം നൂറ്റാണ്ട് കേരള സഭാചരിത്രത്തിലെ സംഭവബഹുലമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടം പ്രധാനമായും പ്രൊപ്പഗാന്ത ഭരണസംവിധാനത്തിലായിരുന്നെങ്കിലും പദ്രുവാദോ സംവിധാനവും വെളിയിലും മറയിലും തുടർന്നിരുന്നു, അതിന്റേതായ പിടിമുറുക്കങ്ങളോടും പിരിമുറുക്കങ്ങളോടും കൂടി. ഈ രണ്ടു സംവിധാനങ്ങളിലുമുള്ള ഭരണാധികാരികളെക്കുറിച്ചും അവരുടെ നടപടികളെക്കുറിച്ചുമുള്ള സാമാന്യവിവരം വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിൽനിന്നു ലഭ്യമാണ്. ആ കാലഘട്ടത്തിലെ മിഷനറിമാരെല്ലാം തന്നെ ഇറ്റാലിയൻ കർമലീത്തരും, മെത്രാന്മാർ അവരിൽനിന്നുണ്ടായവരും ആയിരുന്നു.

1802 മുതൽ സഭാഭരണം നയിച്ചിരുന്ന റെയ്മണ്ട് സൂര്യ, പീറ്റർ അൽക്കാന്ത്ര, മൗറേലിയൂസ് സ്തബിലീനി, ഫ്രാൻസിസ് സേവ്യർ, ലുദവിക്കോസ്, ബർണർഡിൻ, ലെയൊനാർദ് മെല്ലാനൊ എന്നീ വികാരി അപ്പസ്തോലിക്കമാരായിരുന്നു ചാവറയച്ചന്റെ കാലത്ത് വരാപ്പുഴ നിന്നു ഭരണം നടത്തിയിരുന്നത്. ഇവരോടൊപ്പം പ്രവർത്തിച്ചിരുന്ന മിഷനറി മൂപ്പച്ചന്മാരിൽ പ്രധാനികളാണ് മർസലിൻ, ലെയോപ്പോൾദ്, ഫിലിപ്പോസ്, ജരാർദ്, നിക്ലാവൂസ് എന്നിവരെല്ലാം . അന്നത്തെ സിറോമലബാർ സഭയുടെ ഭരണകാര്യങ്ങളിലും സി.എം.ഐ സഭയുടെ വളർച്ചയിലും ഇവ

രിൽനിന്ന് പല തടസ്സങ്ങളും കയ്പേറിയ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും വീടും നാടും സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് മിഷൻ പ്രവർത്തനത്തിനിവിടെ എത്തിയ മിഷനറിമാർ നമുക്കുവേണ്ടി വലിയ ത്യാഗം ചെയ്തിട്ടുള്ളവരായാണ് ചാവറയച്ചൻ ഇവരെക്കുറിച്ചു വിവരിക്കുന്നത്. ദുഃഖാനുഭവങ്ങൾ ദൈവപരിപാലനയുടെ ഭാഗമായി സ്വീകരിക്കാനും ചാവറയച്ചൻ അനുസ്മരിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ വേറൊരു സന്യാസസഭ മാതൃകയായി ഇല്ലാതിരുന്ന കാലത്ത് സന്യാസപരിശീലനത്തിൽ ഇവരിൽനിന്നു കിട്ടിയ നന്മകളെ അദ്ദേഹം നന്ദിയോടെ ഓർക്കുന്നു.

**3. 19–ാം നൂറ്റാണ്ടിലെ കേരള സഭയിലെ സംഭവപരമ്പരകളും വ്യക്തികളും**

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ 1599–ലെ ഉദയംപേരൂർ സൂനഹദോസ് മുതലിങ്ങോട്ടുള്ള 17–ാം നൂറ്റാണ്ട് വികാരതീവ്രതയേറിയ പ്രതിസന്ധികളുടെ കാലമായിരുന്നു. അതുകഴിഞ്ഞാൽ കോളിളക്കം നിറഞ്ഞതും സ്വാതന്ത്ര്യത്തിനുള്ള അഭിലാഷത്താൽ പിരിമുറുക്കം നിറഞ്ഞതുമായിരുന്നു 19–ാം നൂറ്റാണ്ട്. ഒരു വശത്തു പദ്രുവാദോ ശീശ്മ തലപൊക്കുന്നു, മറുവശത്തു നാട്ടുമെത്രാനു വേണ്ടിയുള്ള ശ്രമം നടക്കുന്നു. സ്വജാതി മെത്രാനെ ബാഗ്ദാദിൽ നിന്നെത്തിയ റോക്കോസ് മെത്രാനിൽ കണ്ടെത്തിയ ഭൂരിഭാഗം പള്ളികളും ജനങ്ങളും വലിയൊരു ശീശ്മയിൽ പതിച്ചു. വികാരി ജനറാൾ എന്ന സ്ഥാനത്തു നിന്നു ചാവറയച്ചനു ചുരുങ്ങിയ കാലം

കൊണ്ടു ശീശ്മയെ ഒഴിവാക്കാൻ കഴിഞ്ഞു. ഈ രംഗത്ത് എല്ലാം നേരിട്ടറിഞ്ഞവനും ആധികാരികമായി ഇടപെട്ടവനും എന്നവിധം ഈ കാലഘട്ടത്തെക്കുറിച്ച് അദ്ദഹം വിശദമായി എഴുതിയ ചരിത്രത്തിലും ആധികാരികമായ മറ്റൊരു രേഖയില്ല.

കേരള സഭയുടെ തനിമ നിലനിർത്തുന്നതിനും നാട്ടു മെത്രാനെ അവരോധിക്കുന്നതിനും വേണ്ടി കരിയാറ്റി, പാറേമ്മാക്കൽ കത്തനാർമാർ നടത്തിയ ശ്രമങ്ങളെ ശ്ലാഘി ക്കുമ്പോൾ, 19–ാം നൂറ്റാണ്ടിൽ ഇതേ ലക്ഷ്യത്തിനുവേണ്ടി നേതൃത്വമെടുത്ത പലരുടെയും ഉദ്ദേശ്യശുദ്ധിയേയും പരി ശ്രമങ്ങളേയും സംശയിക്കുക മാത്രമല്ല, ഇവരൊക്കെയാണ് ശീശ്മയ്ക്ക് വഴിതെളിച്ചത് എന്ന് അവരേക്കുറിച്ചുള്ള വിവ രണത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. പനങ്കുഴ കുര്യപ്പു കത്തനാർ, ബാഗ്ദാദിൽ നിന്നെത്തിയ ദനഹ, കുടക്കച്ചിറ അന്തോനി, തൊണ്ടനാട്ടു അന്തോനിക്കത്തനാർമാർ, അന്തോനീസുബാവായുടെ സഭയിലെ രണ്ടു സന്യാസി മാർ ഇവരെല്ലാം സഭയിൽ ഭിന്നിപ്പുണ്ടാക്കാൻ നേതൃത്യ മെടുത്തവരാണെന്നും ഇവരോടൊക്കെ പ്രതികരിച്ചവി ധവും സംഭവങ്ങൾ നിരത്തിവച്ചുകൊണ്ട് അദ്ദേഹം നാളാ ഗമങ്ങളിൽ വിശദമാക്കുന്നു. പിന്നീട് അദ്ദേഹം പ്രൊപ്പ ഗന്താ തിരുസംഘത്തിനയച്ച കത്തുകൾ വേണ്ടവണ്ണം പരി ഗണിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മരണശേഷം മറ്റൊരു 'മേലൂസ് ശീശ്മ' കേരളത്തിൽ നാമ്പെടുക്കുകയോ തീക് ഷണമതികളായ ഏഴു സഭാംഗങ്ങളെ കേരള സഭയുടെ 'ഏഴു വ്യാകുലങ്ങ'ളായി ബഹിഷ്കരിക്കേണ്ടി വരികയോ ഇല്ലായിരുന്നു.



*റോക്കോസ് മെത്രാനെ കപ്പലിലേയ്ക്ക് യാത്രയയ്ക്കുന്ന ചാവറയച്ചൻ – ചിത്രകാരനായ രാമചന്ദ്രൻ മാസ്റ്ററുടെ ഭാവനയിൽ*

അധികാരത്തിനു വിധേയപ്പെട്ടുകൊണ്ട് മേലധികാരിക ളോട് സഹകരിക്കുന്നതിലാണ് നന്മയും വിശുദ്ധിയും അട ങ്ങിയിരിക്കുന്നത് എന്നും അനുസരിക്കാനും അനുസരിപ്പി ക്കാനും കഴിയാതെപോയ പിഴവുകൾ കേരളസഭയുടെ ആധ്യാത്മികതയെ വളരെയധികം ബാധിച്ചുവെന്നും ഈ കാരണങ്ങളാൽ തന്നെ "മാർത്തോമ്മാ ശ്ലീഹായാൽ തന്നെ സത്യവേദം കൈക്കൊണ്ട ഈ മലയാളം മച്ചി ആയിരി ക്കയും അതിൽപിന്നെ സത്യവേദം കൈക്കൊണ്ട പല നാടുകളിലും ദ്വീപുകളിലും പല പുണ്യവാളന്മാരും ഉണ്ടാ യിരിക്കുന്നു" എന്നത് ഒരു ദുഃഖസത്യമാണെന്നും അദ്ദേഹം വേദനയോടെ നാളാഗമത്തിൽ അനുസ്മരിക്കുന്നു.

**4. പാലയ്ക്കൽ തോമ്മാമല്പാന്റെ ജീവചരിത്രം**

1864-ൽ കൂനമ്മാവ് കൊവേന്തയിലേക്ക് താമസം മാറിയ ചാവറയച്ചന് പാലയ്ക്കലച്ചന്റെ ജീവചരിത്രം എഴു താൻ പ്രചോദനം നല്കിയത് ലയോപ്പോൾഡ് മിഷനറി യാണ്. ഒരിക്കൽ മൂപ്പച്ചന്റെ മുമ്പിൽ തന്റെ ഗുരുവായ തോമ്മാമല്പാനെക്കുറിച്ചുള്ള മധുരസ്മരണകൾ ചാവറ യച്ചൻ പങ്കുവച്ചു. എഴുതിവയ്ക്കുക, പിൻതലമുറകൾക്കും മാതൃകയും പ്രചോദനവുമാകാൻ ഉപകരിപ്പിക്കണം എന്ന അദ്ദേഹത്തിന്റെ നിർദേശത്തെ ശിരസാവഹിച്ചു ചാവറയ ച്ചൻ ഒരു ജീവചരിത്രകാരനായി മാറുകയായിരുന്നു. പാല യ്ക്കലച്ചന്റെ ജനനം മുതൽ മരണംവരെയുള്ള വിവിധ സംഭവങ്ങളും അദ്ദേഹത്തിന്റെ നിരവധിയായ സന്മാതൃക കളും ചർച്ചാവിഷയമായി. മല്പാന്റെ ചരിത്രം വിവരിക്കു മ്പോൾ ഉപകഥകൾ പോലെ ടിപ്പുസുൽത്താന്റെ കേരളാ ക്രമണവും പള്ളിപ്പുറം സെമിനാരിയിലെ വൈദീകപരി ശീലനവും യാക്കോബായ വൈദികരുടെ വേഷവിധാന ങ്ങളോടു സാമ്യമുണ്ടായിരുന്ന സുറിയാനി കത്തോലിക്കാ വൈദികരുടെ വേഷത്തിൽ മാറ്റം വരുത്താനുണ്ടായ കാര ണങ്ങളും പുതിയ ഗവേഷണത്തിനു രൂപംകൊടുത്ത രീതി കളും ഗുരുവിന്റെ ഗുരുവിനെ പെരുന്നാളിനു കാണാൻ പോയ വിശേഷങ്ങളും ദൈവമാതാവിനോടുള്ള ഭക്തി പ്രച രിപ്പിച്ച വഴികളുമെല്ലാം വിവരിക്കുന്നുണ്ട്.

മലയാളഭാഷയിൽ എഴുതിയ ആദ്യത്തെ ജീവചരിത്ര മായി കണക്കാക്കപ്പെടുന്നത് മലയാള വ്യാകരണകർത്താവു കൂടിയായ ഹെർമൻ ഗുണ്ടർട്ട് വിശുദ്ധ പൊലിക്കാർപ്പിനെ ക്കുറിച്ചെഴുതിയ 'പൊലിക്കാർപ്പൻ' എന്ന കൃതിയാണ്. എന്നാൽ, നമ്മുടെ നാട്ടിൽ ജീവിച്ച ഒരു വ്യക്തിയെക്കു റിച്ച് മലയാളത്തിൽ എഴുതിയ ആദ്യജീവചരിത്രം ചാവറ യച്ചനെഴുതിയ പാലയ്ക്കലച്ചന്റെ ജീവചരിത്രമായിരിക്കും.

മുകളിൽ സൂചിപ്പിച്ച നാലു ചരിത്രാവലോകനങ്ങൾ കൂടാതെ നാളാഗമത്തിൽ അവിടവിടെയായി ചിതറിക്കിട ക്കുന്ന, തിരുവിതാംകൂർ രാജാക്കന്മാർക്ക് ഏറ്റുമാനൂരും ആലുവായിലും കൊടുത്ത സ്വീകരണവും ബോംബെ മദാ മ്മയുടെ കൂനമ്മാവു ബന്ധവും കൊങ്ങിണി സ്ത്രീയുടെ മാനസാന്തരചരിത്രവും ഒന്നാം വത്തിക്കാൻ സൂനഹദോ സിനോടു ബന്ധപ്പെടുത്തിയുള്ള വിവരണങ്ങളും കൂട്ടി ച്ചേർത്താൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാളാഗമത്തിന്റെ ഏതാണ്ട് സമ്പൂർണവിവരണമാകും. നാളാഗമത്തിലെ ഓരോ സംഭവവിവരണത്തിലൂടെയും കടന്നുപോകുമ്പോൾ അഗാധമായ എളിമ, സഭാധികാരികളോടുള്ള വിധേയത്വം, ദൈവപരിപാലനയിലുള്ള ആശ്രയബോധം, ക്ഷമാശീലം, ദീർഘവീക്ഷണം, സത്യസന്ധത, ആർദ്രത, നിർഭയത്വം, പരസ്നേഹം, ശത്രുസ്നേഹം, വ്യക്തിബഹുമാനം, മത സഹിഷ്ണുത എന്നിങ്ങനെയുള്ള സുകൃതങ്ങളുടെ വിള നിലമായിരുന്നു അദ്ദേഹം എന്നും സ്പഷ്ടമാകുന്നുണ്ട്.

N.B. കാണുക: ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം 1, നാളാഗമങ്ങൾ മാന്നാനം 1981.

## തീക്ഷ്ണതയുള്ളവരാകുവിൻ

ചാവറയച്ചൻസഭാംഗങ്ങൾക്കെഴുതിയ മരണപത്രി കയിൽനിന്ന്:

''...കൊവേന്തക്കാരോടു ഞാൻ അപേക്ഷിക്കുന്നു. ഇവിടെ ഈ സഭയിൽ ഒന്നാമത്തവനായി ഞാൻ വ്രതം ചെയ്തു. ഒന്നാം പ്രിയോരും ഞാൻ ആയി. എന്നാൽ നമ്മുടെ റേഗുള ന്യായപ്രമാണം അനുസരിക്കാനും അനുസരിപ്പിക്കാനും എന്റെ മേൽ ഏല്പിച്ച കടമ ഞാൻ മുഴുവനായിട്ടു നിർവഹിച്ചില്ല. നല്ല മാതൃക ഞാൻ തന്നുമില്ല. അതിനാൽ ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള ദുർമാതൃകകൾ ക്ഷമിക്കണമെന്നും ഞാൻ തന്നെ മാതൃക നോക്കാതെ നിങ്ങൾ എന്റെ കുറവുകളും കൂടി തീർത്ത് ജീവിതത്തിൽ കൂടുതൽ തീക്ഷണതയുള്ളവരായിരിക്കണമെന്ന് അപേക്ഷി ക്കുന്നു.''

(*ചാവറയച്ചന്റെ കത്തുകൾ* പേജ് 103)

## എനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കുംകൂടി

ചാവറയച്ചൻ തന്റെ ജ്യേഷ്ഠന്റെ മകളുടെ മകനായ യൗസേപ്പച്ചന് എഴുതുന്ന കത്തിൽനിന്ന്:

''...തമ്പുരാന് സ്തുതിയായിരിക്കട്ടെ. എന്റെ പ്രവർത്തി യുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവേശ്വരൻ കാരണവന്മാർക്ക് കൊടുത്ത തിൽ അധികം ആയുസ് എനിക്കു തന്നു. ദൈവത്തിന്റെ ഈ അധിക കൃപ എനിക്കു വേണ്ടിമാത്രം തന്നതല്ല മറിച്ച് മറ്റുള്ളവർക്കും കൂടി വേണ്ടിയുള്ളതായിരുന്നു എന്ന് ഞാനിപ്പോൾ സ്പഷ്ടമായി തിരിച്ചറിയുന്നു. എന്നാൽ ഞാനതു വേണ്ടവണ്ണം ഫലിപ്പിക്കാതെ ഒരു താലന്തു ലഭിച്ചവനെപ്പോലെ കുഴിച്ചുമൂടി നശിപ്പിച്ചു വല്ലോ എന്ന് മനസാക്ഷി എന്നെ ഇപ്പോൾ അധികം കുറ്റ പ്പെടുത്തുന്നു.... എന്നാൽ എന്നെ ശക്തിപ്പെടുത്തുന്ന വൻ വഴി എല്ലാം എനിക്ക് സാധ്യമാണ് എന്ന മിശിഹാ യുടെ വചനത്തിൽ ശരണപ്പെട്ടുകൊണ്ട്, തമ്പുരാൻ തരു ന്നിടത്തോളം സമയം അവിടുത്തെ സ്തുതിക്കായിട്ടു മാത്രം ജീവിച്ച് എന്റെ ദൈവവിളിക്കനുസരിച്ച് ജോലി ചെയ്യുവാൻ നിശ്ചയിച്ചു.... കൂടപ്പിറപ്പുകൾ കുഞ്ഞനുജ ന്മാർക്ക് ഒക്കെയ്ക്കും കർത്താവിൽ സമാധാനം പറ ഞ്ഞുകൊണ്ട് എനിക്ക് നല്ല അവസരം തരുവാൻ അപേ ക്ഷിക്കണമെന്ന് പറയണം.''

(*ചാവറയച്ചന്റെ കത്തുകൾ* പേജ് 81, 82)

# ചാവറയച്ചനൊപ്പം സന്യാസവ്രതം അനുഷ്ഠിച്ചവർ

### ഫാ. ജേക്കബ് വല്യാറ



വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ബന്ധുവും അയൽക്കാരനുമായിരുന്നു വല്യാറയച്ചൻ. കൈനകരി ഇടവകാംഗമായ ഇദ്ദേഹം 1848-ലാണ് സഭയിൽ ചേർന്നത്. 1885 ഡിസംബർ 24-ന് മരിച്ച വല്യാറയച്ചൻ മാന്നാനത്ത് അന്ത്യവിശ്രമം കൊള്ളുന്നു.

### ഫാ. മത്തായി കളപ്പുരയ്ക്കൽ



പാലാ ഇടവകാംഗമായ മത്തായിയച്ചൻ 1845-ലാണ് സഭാംഗമായത്. മലേറിയ പടർന്നു പിടിച്ചപ്പോൾ ധൈര്യസമേതം പ്ലാശനാൽ ആശ്രമത്തിൽ ശുശ്രൂഷ നിർവഹിക്കാൻ അച്ചൻ തയാറായി. മാന്നാനത്താണ് ഇദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്.

### ഫാ. മത്തായി മുഞ്ഞനാട്ട്



ളാലം പുത്തൻപള്ളി ഇടവകാംഗമായിരുന്ന മുഞ്ഞനാട്ടച്ചൻ 1845-ൽ പട്ടം സ്വീകരിച്ചു സഭാംഗമായി. കൂനമ്മാവ് ആശ്രമത്തിലെ ആദ്യത്തെ പ്രിയോർ ആയിരുന്നു. 41-ാം വയസിൽ എൽത്തുരുത്തിൽ അന്തരിച്ച അദ്ദേഹത്തെ അവിടെത്തന്നെ അടക്കം ചെയ്തിരിക്കുന്നു.

### ഫാ. കുര്യാക്കോസ് (ആൽബർട്ട് കുര്യൻ) കൊച്ചുപുരയ്ക്കൽ



അതിരമ്പുഴ ഇടവകാംഗമാണ് ഇദ്ദേഹം. മാന്നാനം സെമിനാരിയുടെ റെക്ടർ ആയിരുന്നു. 1866 സെപ്റ്റംബർ 13-ന് എറണാകുളത്ത് ചികിത്സയിലായിരിക്കെ മരിച്ചു.

### ഫാ. ഗീവർഗീസ് തോപ്പിൽ




ചാവറയച്ചന്റെ ബന്ധുവും അടുത്ത സുഹൃത്തുമായിരുന്നു ഗീവർഗീസ് അച്ചൻ. ധ്യാനഗുരുവായിരുന്ന ഇദ്ദേഹത്തെ സി.എം.ഐ സഭയുടെ നാലാം തൂണായി വിശേഷിപ്പിക്കപ്പെട്ടിരുന്നു. 1813-ൽ വെളിയനാട്ട് ജനിച്ച ഇദ്ദേഹം പുളിങ്കുന്ന് ഇടവകാംഗമാണ്. സ്വന്തം ഇടവകയിൽ വികാരിയാകാൻ ഭാഗ്യം ലഭിച്ച അച്ചൻ പുളിങ്കുന്നിൽ ആശ്രമം സ്ഥാപിക്കുന്നതിന് നേതൃത്വം നല്കി. 1873 ഒക്ടോബറിൽ ദിവംഗതനായ അച്ചൻ പുളിങ്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.

### ഫാ. കുര്യാക്കോസ് ഏലിശ പോരൂക്കര



1839-ൽ പട്ടം സ്വീകരിച്ച കുര്യാക്കോസ് അച്ചൻ ഫാ. തോമസ് പോരുക്കരയുടെ ഇളയ സഹോദരനാണ്. 1839-ൽ സഭാംഗമായ ഇദ്ദേഹമാണ് നിത്യാരാധന എന്ന പുസ്തകം രചിച്ചത്. 1890 ജനുവരി ഏഴിന് എഴുപത്താറാം വയസിൽ പോരുക്കരയച്ചൻ ദിവംഗതനായി. മാന്നാനത്ത് അന്ത്യവിശ്രമം കൊള്ളുന്നു. ഇദ്ദേഹം സഭയുടെ രണ്ടാമത്തെ ജനറാൾ ആയിരുന്നു.

### ഫാ. കുര്യൻ പാലയ്ക്കൽ



ഫാ. തോമസ് പാലയ്ക്കലിന്റെ ബന്ധുവാണ് ഫാ. കുര്യൻ പാലയ്ക്കൽ. പള്ളിപ്പുറം ഇടവകാംഗമാണ്. പുളിങ്കുന്നിലും ചെത്തിപ്പുഴയിലും പ്രിയോരായിരുന്നു. 1898 ജനുവരി 24-ന് മരിച്ചു.

### ഫാ. സ്കറിയാ കളത്തിൽ



ദിവ്യകാരുണ്യ ഭക്തനായിരുന്ന സ്കറിയാ എഫ്രേം കളത്തിലച്ചൻ പുളിങ്കുന്ന് ഇടവകാംഗമാണ്. 1908 ജൂൺ 28-ന് ദിവംഗതനായ കളത്തിലച്ചൻ പുളിങ്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.

### ഫാ. അലക്സാണ്ടർ കട്ടക്കയം (സീനിയർ)



വലിയചാണ്ടി അച്ചൻ എന്നറിയപ്പെടുന്ന അലക്സാണ്ടർ കട്ടക്കയത്ത് അച്ചൻ പാലാ ഇടവകാംഗമാണ്. സുപ്രസിദ്ധ ധ്യാനഗുരുവായിരുന്ന ഇദ്ദേഹത്തിന് മാർപ്പാപ്പയിൽനിന്ന് ബഹുമതിപത്രം ലഭിച്ചിട്ടുണ്ട്. 1909-ൽ 81-ാം വയസിൽ അന്തരിച്ച കട്ടക്കയം അച്ചനെ മാന്നാനത്ത് അടക്കം ചെയ്തിരിക്കുന്നു.

### ഫാ. മാണി കണിയാരകത്ത്




ളാലം പുത്തൻപള്ളി ഇടവകാംഗമായ മാണിയച്ചനും പതിനൊന്ന് ആദ്യ അംഗങ്ങളിലൊരാളാകാൻ ഭാഗ്യം ലഭിച്ചു. സഭയിൽനിന്നു പിന്നീട് പുറത്താക്കപ്പെട്ട അച്ചൻ രൂപതാ വൈദികനായി ശിഷ്ടകാലം കഴിഞ്ഞു.



പാലയ്ക്കൽ തോമാ മല്പാൻ



പോരൂക്കര തോമാ മല്പാൻ



ബ്രദർ കണിയാന്തറ യാക്കോബ്

# ഇവർ വഴി തുറന്നവർ

അപ്പസ്തോലനായ വിശുദ്ധ തോമസ് നേരിട്ട് ക്രിസ്തു
വെളിച്ചം ഭാരതത്തിലെത്തിച്ചു. 19 നൂറ്റാണ്ടുകൾ കാത്തിരി
ക്കേണ്ടിവന്നു ഭാരത സഭയിൽ ക്രൈസ്തവ സന്യാസത്തിന്
ഊടും പാവും പാകി കാണുവാൻ. ആത്മരക്ഷയെപ്രതി
'വനവാസം' എന്ന വഴിയിലൂടെ ലോകത്തിൽ നിന്നും ഒളി
ച്ചോടാൻ ആഗ്രഹിക്കുകയും എന്നാൽ, അതിനെതിരായി
തുടർന്ന് അഞ്ചുവർഷത്തോളം ജനങ്ങളോടുകൂടി, ജന
ങ്ങൾക്കുവേണ്ടി ജീവിക്കുകയുംചെയ്ത പോരൂക്കര അച്ചൻ,
വനവാസത്തിനു പോകാതെ വീട്ടിൽത്തന്നെ താമസിച്ച
കണിയാന്തറ യാക്കോബ്, വർഷങ്ങളായി 'സന്യാസി' എന്ന
പേരു കൂടാതെ സന്യാസിയായി ജീവിക്കുകയും, ദൈവജ
നത്തെ നയിക്കുവാൻ നല്ല വൈദികരെ വളർത്തിയെടു
ക്കാൻ രാപകൽ ശ്രദ്ധിക്കുകയും ചെയ്ത സെമിനാരി മല്പാ
നായ പാലയ്ക്കൽ തോമ്മാച്ചൻ, ആത്മരക്ഷയേപ്രതിയുള്ള
തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന, ബാല്യം മുതലേ തോമ്മാ
മല്പാന്റെ ഇംഗിതത്തിനനുസരിച്ച് സെമിനാരിയിൽ പഠിച്ചു
കൊണ്ടിരുന്ന ചാവറയച്ചൻ. നാലുപേരും ഒന്നിച്ചു കൂടാൻ
അവസരം കിട്ടിയപ്പോൾ ദൈവത്തിന്റെ കണ്ണാടിയിൽ അവർ
കണ്ട പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗങ്ങളും ചർച്ചാ
വിഷയമായി. ഇന്ത്യയിൽ വൈദികരുടെയിടയിൽപ്പോലും
സന്യാസം എന്ന കെട്ടുറപ്പിലൂടെയുള്ള സമൂഹ ജീവിതം
ഇല്ലാത്തതുകൊണ്ട് മാനവസമൂഹത്തിന് വന്നുകൊണ്ടിരി
ക്കുന്ന നഷ്ടത്തെക്കുറിച്ച് അവർ കൂടുതൽ ബോധവാന്മാ
രായി. അതിനൊരു പരിഹാരവഴി, സ്വയം വിശുദ്ധീകരണ
ത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉതകുന്ന, ദൈവ
ദർശനം സ്വീകരിക്കാൻ പറ്റുന്നൊരു താപസഭവനം. അവ്യ
ക്തതകൾ മാറിക്കിട്ടിയപ്പോൾ അനുവാദത്തിനപേക്ഷയായി.
ദൈവത്തിന്റെ വഴിയിലൂടെ നടക്കാൻ, ദൈവത്തിൻ വഴിയേ
നടത്താൻ ഇവർ നടന്നുപോയ വഴികളെക്കുറിച്ചൊരു തിരി
ച്ചറിവ്:

## പാലയ്ക്കൽ തോമാ മല്പാൻ

സൗത്ത് പള്ളിപ്പുറത്ത് പാലയ്ക്കൽ കുടുംബത്തിൽ 1782-ൽ
ജനിച്ചു. മത്തായി കത്തനാരുടെ ജ്യേഷ്ഠനായിരുന്നു അദ്ദേ
ഹത്തിന്റെ പിതാവ്. സമ്പന്ന കുടുംബമായിരുന്നെങ്കിലും
1790-ൽ പകർച്ചവ്യാധി വസൂരിയും തുടർന്നുണ്ടായ ക്ഷാമവും
മൂലം കുടുംബത്തിലെ പല പ്രധാന അംഗങ്ങളും മരിച്ച
തോടെ കുടുംബം ദരിദ്രമായി. വിധവയായിത്തീർന്ന അമ്മ
രണ്ടാൺമക്കളെയും രണ്ടു പെൺമക്കളെയും വളർത്തി വലു
താക്കാൻ പണിപ്പെട്ടു. വലിയ ദൈവാശ്രയ ബോധവും
ഭക്തിയും ഉണ്ടായിരുന്ന അവർ പ്രതിസന്ധികൾ ഒന്നൊ
ന്നായി തരണം ചെയ്തു. ഇളയ മകനായ തോമ്മാച്ചൻ
കുത്തിയതോട്ടിൽ തച്ചിൽ അബ്രഹാം മല്പാന്റെ പള്ളി
പ്പുറം ഇടവക സെമിനാരിയിൽ ചേർന്നു. 1808 ൽ തിരുപ്പട്ട
മേറ്റു. താമസിയാതെ മെത്രാൻ റെയ്മണ്ട് സൂര്യ, തോമ്മാ
ച്ചനെ തന്റെ പാസ്റ്ററൽ കൗൺസിൽ അംഗമായും സെക്രട്ട
റിയായും നിശ്ചയിച്ചു. 'മലങ്കര മല്പാൻ' എന്നറിയപ്പെടുന്ന
അബ്രഹാം മല്പാൻ ക്ഷീണിതനായപ്പോൾ മെത്രാൻ പാല
യ്ക്കലച്ചനെ മല്പാനായി ഉയർത്തിക്കൊണ്ട് പള്ളിപ്പുറം
സെമിനാരിയുടെ റെക്ടറായി നിയമിച്ചു.

ഇദ്ദേഹത്തിന്റെ സെമിനാരിയിലാണ് ചാവറയച്ചൻ സെമി
നാരി പഠനം നടത്തിയത്. മറ്റു സെമിനാരികളിൽ ഉണ്ടായി
രുന്നതിലധികം പഠനപുസ്തകങ്ങളുടെ ശേഖരം ഇവിടെയു
ണ്ടായിരുന്നു. വ്യക്തമായ സമയക്രമങ്ങളോടുകൂടി പഠനപ
ദ്ധതികൾ ആവിഷ്കരിച്ചിരുന്നു. വലിയ താപസനുംകൂടി
ആയിരുന്ന അദ്ദേഹം പ്രാർത്ഥനയ്ക്കും തപശ്ചര്യകൾക്കും
തന്റെ ജീവിതത്തിൽ വലിയ പ്രാധാന്യം കൽപ്പിക്കുകയും
അറിവു സമ്പാദിക്കാൻ വായനയും പഠനവും നടത്തുകയും
ചെയ്യുമായിരുന്നു. കർമ്മല മാതാവിന്റെയും വിശുദ്ധ ഡോമി
നിക്കിന്റെയും വലിയ ഭക്തനായിരുന്ന അദ്ദേഹം ഈ ഭക്തി
സെമിനാരിക്കാരിലും ജനങ്ങളുടെയിടയിലും പ്രചരിപ്പിച്ചി
രുന്നു.

സുറിയാനി കത്തോലിക്കാ വൈദികരുടെ വേഷം യാക്കോ
ബായ വൈദികരുടേതുമായി ഏറം സാമ്യമുള്ളതായിരുന്നു.
ഇദ്ദേഹം നേതൃത്വമെടുത്താണ് ഇന്നത്തെ വേഷത്തിലേക്ക്
മാറ്റിയത്. സെമിനാരി നിയമങ്ങളിലും പല പരിഷ്കാരങ്ങൾ
വരുത്തിയ ആളാണ്. സുറിയാനി സഭയുടെ പാരമ്പര്യങ്ങ
ളോട് അങ്ങേയറ്റം മതിപ്പും താൽപര്യവും ഉണ്ടായിരുന്നതു
കൂടാതെ കാനോന നമസ്കാരം ക്രോഡീകരിക്കുവാൻ ചാവ
റയച്ചനെ സെമിനാരിയിൽ ആയിരുന്നപ്പോൾത്തന്നെ പ്രേരി
പ്പിച്ചതും ഇദ്ദേഹം തന്നെയാണ്.

പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ചാവറയച്ചനും കൂടി
പ്രാർത്ഥനാപൂർവ്വം ആലോചിച്ചതിന്റെ ഫലമായിരുന്നു

സി.എം.ഐ സഭയുടെ തുടക്കം. പാലയ്ക്കലച്ചൻ അധിക സമയവും പള്ളിപ്പുറത്തായിരുന്നു എങ്കിലും 1831ന്റെ തുടക്കം മുതൽ അദ്ദേഹത്തിന്റെ മരണ സമയം വരെ, മാന്നാനത്താരംഭിച്ച സന്യാസസമൂഹത്തിന്റെ തെരഞ്ഞെടുക്കപ്പെടാത്ത സുപ്പീരിയർ ആയിരുന്നു അദ്ദേഹം. 1841 ജനുവരി 16-ന് അദ്ദേഹം മരണമടയുകയും പള്ളിപ്പുറത്ത് അടക്കം ചെയ്യപ്പെടുകയും ചെയ്തു. അദ്ദേഹം സന്യാസി എന്ന പേരു സ്വീകരിച്ചു. എന്നാൽ, ജീവിതം കൊണ്ടു പൂർത്തിയാക്കാൻ മരണം അനുവദിച്ചില്ല.

## പോരൂക്കര തോമാ മല്പാൻ

ഇന്നത്തെ ചങ്ങനാശേരി അതിരൂപതയിലെ കല്ലൂർക്കാട്ട് ഇടവകയിൽ പോരൂക്കര കുടുംബത്തിൽ ഇട്ടിക്കുരുവിള തരകന്റെയും മറിയാമ്മയുടെയും മൂത്ത മകനായി 1799 ഡിസംബറിൽ ജനിച്ചു. നാലു സഹോദരന്മാരും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം വീട്ടിൽനിന്നു തന്നെ സ്വീകരിച്ചു. വിദഗ്ധരായ അധ്യാപകരെ വീട്ടിൽ വരുത്തിയായിരുന്നു പഠന ം നടത്തിയിരുന്നത്. അന്നു ധാരാളം ഇടവക സെമിനാരികൾ ഉണ്ടായിരുന്നെങ്കിലും സമർത്ഥനും ബുദ്ധിമാനുമായ ഇദ്ദേഹത്തിന് കൂടുതൽ നല്ല വിദ്യാഭ്യാസം കിട്ടണം എന്ന ഉദ്ദേശ്യത്തോടെ കർമ്മലീത്താ മിഷനറിമാർ നടത്തിയിരുന്ന വരാപ്പുഴ സെമിനാരിയിലാണ് ചേർന്നത്. അവിടെ 1823 സെപ്റ്റംബർ 22-ന് പട്ടമേറ്റു.

വൈദികനായ ഉടനേ പുരാതന ഇടവകകളിൽ ഒന്നായ സ്വന്തം ഇടവക തന്നെയാണ് ഭരണത്തിന് ലഭിച്ചത്. ദേവാലയ ശുശ്രൂഷ ഭക്തിപൂർവം നടത്തുന്നതിനു പള്ളിയിൽ അദ്ദേഹം വാദ്യോപകരണങ്ങൾ ഉപയോഗിച്ചുതുടങ്ങി. വിശുദ്ധ യൗസേപ്പിന്റെ വലിയ ഭക്തനായിരുന്നതുകൊണ്ട് ഈ ഭക്തി പ്രചരിപ്പിക്കുവാൻ ബുധനാഴ്ച തോറും പ്രത്യേക പ്രാർത്ഥനകളും പ്രസംഗങ്ങളും നടത്തിയിരുന്നു. അതിനായി ഒരു സഭാ കൂട്ടത്തേയും ഉണ്ടാക്കി.

രണ്ടു വർഷത്തെ കല്ലൂർക്കാട്ടെ സേവനം കഴിഞ്ഞ് തങ്കശേരി പള്ളി വികാരിയായി പോയി. അവിടെ അദ്ദേഹം ഒരു നല്ലയിടയനായി അവരെ വഴക്കുകളിൽനിന്നും തിന്മകളിൽനിന്നും മാനസാന്തരത്തിലേക്ക് നയിച്ചു. ഉപദേശത്താലും പ്രസംഗങ്ങളാലും കുദാശകളാലും ഭവനസന്ദർശനങ്ങളാലും ജനങ്ങളെ നവീകരണത്തിലേക്ക് നയിച്ചു.

ഈ അവസരത്തിലാണ് മൗറേലിയൂസ് സ്തബലീനി മെത്രാൻ ഭരണമേറ്റത്. അദ്ദേഹത്തിന് ഒരു സെക്രട്ടറിയെ വേണമെന്ന് പാലയ്ക്കലച്ചനോട് ആവശ്യപ്പെട്ടതു പ്രകാരം 1828-ൽ പോരൂക്കരയച്ചനെ വരാപ്പുഴ വരുത്തി സെക്രട്ടറിജോലി ഏൽപ്പിച്ചു.

ദൈവപരിപാലനയിൽ സമാനചിന്തയുള്ള വ്യക്തികളെ ദൈവം അടുപ്പിച്ചുകൊണ്ടുവരികയായിരുന്നു. അങ്ങനെ പള്ളിപ്പുറവും കല്ലൂർക്കാടും കൈനകരിയും വരാപ്പുഴയുമായി ഇടയ്ക്കിടെ കൂട്ടിമുട്ടി. ഇതായിരുന്നു സി.എം.ഐ സഭയുടെ തുടക്കത്തിനുള്ള സങ്കേതങ്ങൾ. 1822-ൽ കണിയാന്തറ യാക്കോബുമായി ആരംഭിച്ച വനവാസചിന്ത പോരൂക്കരയച്ചനായിരിക്കണം ആദ്യമായി പാലയ്ക്കലച്ചനുമായി ചർച്ചാവിഷയമാക്കിയത്. തുടർന്നുള്ള അവരുടെ ചിന്തകൾക്ക് പ്രായോഗികരൂപം കിട്ടി. തിരുസഭയുടെ നിരവധിയായ ആവശ്യങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരിഞ്ഞു. ഈ ചിന്തകളിൽ ചാവറയച്ചനും പങ്കുചേർന്നു. 1829-ൽ പ്രതിനിധി സംഘം- പാലയ്ക്കലച്ചനും പോരൂക്കര അച്ചനും - മെത്രാനെ സമീപിച്ചു. മനം തെളിഞ്ഞ മെത്രാൻ അനുവാദത്തോടൊപ്പം 200 രൂപയും പിരിവെടുക്കാനുള്ള ധർമ്മക്കടലാസും ഒപ്പുവെച്ചു കൊടുത്തു.

മാന്നാനംകുന്ന് കണ്ടെത്തി ഇന്ത്യയിലെ ക്രൈസ്തവ സന്യാസി ജീവിതത്തിന്റെ ആസ്ഥാനത്തിനുള്ള ആദ്യ കല്ലു പതിക്കുവാനും തുടങ്ങാനിരുന്ന സ്ഥാപനത്തിന് വിശുദ്ധ യൗസേപ്പിന്റെ നാമം നിർദേശിക്കാനുമുള്ള ഭാഗ്യം പോരൂക്കരയച്ചനു തന്നെ കിട്ടി. എന്നാൽ, വ്രതബദ്ധവും നൈയാമികവുമായ സമൂഹ ജീവിതത്തിൽ പങ്കാളിയാകാൻ അവസരം കിട്ടുന്നതിനുമുമ്പ് 1846 ജനുവരി എട്ടിന് ദൈവം അദ്ദേഹത്തെ തിരിച്ചുവിളിച്ചു.

## ബ്രദർ കണിയാന്തറ യാക്കോബ്

വിശുദ്ധ ഗ്രന്ഥത്തിൽ 40-ന് പ്രാധാന്യം ഉണ്ട്. നോഹയുടെ കാലത്ത് 40 പകലും 40 രാവും തുടർച്ചയായി മഴ പെയ്തു. ഇസ്രയേൽജനം വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രയാണത്തിൽ 40 വർഷം മരുഭൂമിയിൽ ചുറ്റിത്തിരിഞ്ഞു. ഈശോ തന്റെ പരസ്യജീവിതത്തിലേക്കു കടക്കുന്നതിനു മുമ്പ് 40 ദിവസം ഉപവസിച്ചു. കണിയാന്തറ യാക്കോബിനെ സംബന്ധിച്ചിടത്തോളം 40 വർഷത്തിലേറെ തനിക്കുണ്ടായ വെല്ലുവിളികളെ അതിജീവിച്ചതിനു ശേഷമാണ് യഥാർത്ഥ വിളിക്ക് പ്രത്യുത്തരിക്കാനായത്- 1865-ൽ സന്യാസവ്രതങ്ങൾ സ്വീകരിച്ചപ്പോൾ.

1822-ൽ കൂട്ടുകാരനായിരുന്ന പോരൂക്കര തോമ്മാച്ചനോ
ടൊപ്പം ആലോചിച്ചു, വനവാസത്തേക്കുറിച്ച്. 1829 ആയ
പ്പോഴേക്കും സന്യാസജീവിതത്തിനുള്ള രൂപരേഖകളായി.
അന്നുമുതൽ കണിയാന്തറ യാക്കോബും വൈദികർക്കൊപ്പ
മുണ്ട്. 1855-ൽ വ്രതബദ്ധമായ സമൂഹവും ഉണ്ടായി. അന്നും
അദ്ദേഹം സമൂഹത്തോടൊപ്പം ഉണ്ടെങ്കിലും മരുഭൂമിയിലെ
അനുഭവത്തിലൂടെ കടന്നുപോയി. 1865-ൽ വ്രതം ചെയ്തതു
മുതൽ 1898-ൽ മരണം വരെ സന്യാസ സഹോദരനായി
ജീവിച്ച അദ്ദേഹം സി.എം.ഐ സഭയിലെ ആദ്യത്തെ
സന്യാസ സഹോദരനാണ്.

അദ്ദേഹം 1800 ജനുവരി ആറിന് കല്ലൂർക്കാട് ഇടവകയിൽ
ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം അന്നത്തെ രീതിയിലുള്ള
ആശാൻ കളരിയിൽനിന്ന് സ്വീകരിച്ചു. ചെറുപ്പം മുതൽ
വീട്ടിലെ കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു. തന്റെ
ഭാവിയെപ്പറ്റി ചിന്തിച്ചു തുടങ്ങിയപ്പോൾ ചിന്തകൾ പല
തായി. കൂട്ടുകാരനും ഇടവകക്കാരനും സമപ്രായക്കാരനു
മായ പോരൂക്കര ശെമ്മാച്ചനുമായി ആലോചനകൾ തുടങ്ങി.
അദ്ദേഹത്തിന്റെ മനസിലും ചില ചിന്തകൾ. ലോകം തിന്മ
നിറഞ്ഞതാണ്. അതിനോടു കൂടുതലടുത്താൽ ആത്മര
ക്ഷയും നഷ്ടമായേക്കും. എന്നാൽ, നമുക്ക് വനവാസമാ
യാലോ? വനവാസം കണിയാന്തറ യാക്കോബിന്റെ ജീവിത
ത്തിൽ സന്യാസമായി പരിണമിച്ചു.

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ